പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2087

15/07/2011 ൽ മറുപടിക്ക്

## പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യം

**ചോദ്യം**

ശ്രീ. എ.എം. ആരിഫ്:

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 എന്നാക്കുവാൻ നടപടി സ്വീകരിക്കുമോ;

(എ) ഉണ്ട്. അനുപാതം 1:30 ആക്കുന്ന കാര്യം വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമാടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

(ബി) 300 വിദ്യാർത്ഥികൾ ഉണ്ടെങ്കിലേ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കൂ തുടങ്ങി ഓരോ വിഷയത്തിലും ആകെ സ്കൂളിലെ കുട്ടികളുടെ എണ്ണത്തെ ആസ്പദമാക്കി ഓരോ വിഷയത്തിലും അദ്ധ്യാപകരെ അനുവദിക്കൂ എന്ന വിദ്യാഭ്യാസ വകുപ്പ് നിലപാടുമൂലം ഒന്നോ രണ്ടോ കുട്ടിയുടെ കുറവുള്ള വിദ്യാലയത്തിൽപോലും ഇംഗ്ലീഷും മറ്റു ബന്ധപ്പെട്ട വിഷയവും പഠിപ്പിക്കുവാൻ അദ്ധ്യാപകരില്ലാത്ത അവസ്ഥയ്ക്ക് എങ്ങനെ പരിഹാരം കാണുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(ബി) 07/01/02 ലെ സ.ഉ. 11/02/പൊ.വി. പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായാണ് ഇംഗ്ലീഷ് ഭാഷയ്ക്കും മറ്റ് കോർ വിഷയങ്ങൾക്കും ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ക്ലാസ് ഡിവിഷനും അദ്ധ്യാപക തസ്തികയും അനുവദിയ്ക്കുന്നത്. ആയതിനാൽ കുട്ടികൾ കുറവുള്ള വിദ്യാലയത്തിൽ പ്രത്യേകമായി അദ്ധ്യാപകരെ സൃഷ്ടിക്കാൻ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ